13/7/22



# സംസ്ഥാന വിവരാവകാശകമ്മീഷൻ കേരളം
## തിരുവനന്തപുരം-695 001

Email: sic@kerala.nic.in

ഹർജി നമ്പർ **AP 2140(1)/2019/SIC** തീർപ്പുകൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No.17136/SIC-Gen4/2019**

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 ജൂലൈ 6

ശ്രീമതി. സിനി വർഗീസ്,
രമണി നിലയം,
കരുവട്ട, അടൂർ പി.ഒ.,
പത്തനംതിട്ട. } അപ്പീൽ ഹർജിക്കാരി

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ & ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്, അടൂർ, പത്തനംതിട്ട.
2. അപ്പീൽ അധികാരി & ജില്ലാ പോലീസ് മേധാവി, പത്തനംതിട്ട.

} എതിർകക്ഷികൾ

## അന്തിമ ഉത്തരവ്

മേൽ അപ്പീൽ ഹർജിയിൽ കമ്മീഷൻ 18.12.2019-ന് പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ, ഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്ക് സമയബന്ധിതമായി യാതൊരു മറുപടിയും ഒന്നാം എതിർകക്ഷി നൽകിയിരുന്നില്ല എന്ന വീഴ്ചക്ക് പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. ആർ. ബിനു കമ്മീഷൻ മുമ്പാകെ 7.5.2022-ന് ലഭ്യമാക്കിയ വിശദീകരണത്തിലും കമ്മീഷൻ ടിയാളെ നേരിൽ കേട്ട വേളയിലും ബോധിപ്പിച്ചത്, 22.7.2019 തീയതി വിവരാവകാശ നിയമ പ്രകാരം സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറായ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട് അടൂരിന് അപേക്ഷ നൽകിയിരുന്നതാണെന്നും WP(c)13464/2019 നമ്പർ റിട്ട് പെറ്റീഷനിൽ അടൂർ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ആണ് കോടതി മുമ്പാകെ റിപ്പോർട്ട് സമർപ്പിച്ചതെന്നും കോടതിയുടെ പരിഗണനയിലുള്ള വിഷയം ആകയാൽ മറുപടി നൽകുവാൻ നിർവ്വാഹമില്ല എന്ന് കാട്ടി അപേക്ഷയ്ക്ക് 20.8.2019 തീയതി തപാൽ മുഖാന്തരം മറുപടി അയച്ചിരുന്നതാണെന്നുമാണ്. WP(c)

No.13464/2019, 27.6.2019 തീയതി കോടതി തീർപ്പാക്കിയിരുന്നു എന്നാണ് അപേക്ഷക കമ്മീഷൻ മുമ്പാകെ പറഞ്ഞത്. കോടതിയിൽ നിന്നും ആയത് സംബന്ധിച്ച ഉത്തരവുകൾ ഒന്നും തന്നെ പോലീസിന് ലഭിച്ചിരുന്നില്ലെന്നും കോടതിയുടെ പരിഗണനയിലുള്ള വിഷയമായതിനാലാണ് അപേക്ഷകയ്ക്ക് ആവശ്യപ്പെട്ട റിപ്പോർട്ട് നൽകുവാൻ കഴിയാതിരുന്നത് എന്നും ടി സംഗതി വെളിവാക്കി അപേക്ഷകയ്ക്ക് സമയപരിധിക്കുള്ളിൽ തന്നെ മറുപടി നൽകിയിരുന്നു എന്നുമാണ്.

2. ടി വിശദീകരണവും നേരിൽ കേട്ട വേളയിൽ എസ്.പി.ഐ.ഒ ശ്രീ. ആർ. ബിനു ബോധിപ്പിച്ച വസ്തുതകളും കമ്മീഷൻ പരിശോധിച്ചതിൽ, സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ ഭാഗത്ത് നിന്നും മന:പൂർവ്വമായ വീഴ്ച ഉണ്ടായതായി കാണുന്നില്ല. എന്നിരുന്നാലും ഭാവിയിൽ വിവരാവകാശ അപേക്ഷകൾ കൈകാര്യം ചെയ്യുന്നതിൽ കൂടുതൽ ശ്രദ്ധചെലുത്തേണ്ടതാണെന്ന കർശന നിർദ്ദേശം നൽകികൊണ്ട് ഈ അപ്പീൽ ഹർജിയിലെ നടപടികൾ അവസാനിപ്പിച്ചുകൊണ്ടുള്ള അന്തിമ ഉത്തരവ് ഇന്നേ ദിവസം 2022 ജൂലൈ 6–ാം തീയതി കമ്മീഷൻ പുറപ്പെടുവിക്കുന്നു.

ഒപ്പ്

ഡോ: വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്:

കമ്മീഷൻ സെക്രട്ടറി

bnk/